# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2726 20/06/2013-ലെ മറുപടിക്ക്

## യൂണിവേഴ്സിറ്റികളിൽ കേന്ദ്രീകൃത മൂല്യ നിർണ്ണയരീതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉബൈദുള്ള | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ കേന്ദ്രീകൃത മൂല്യനിർണ്ണയ രീതി നടപ്പാക്കിയിട്ടുണ്ടോ; | എ & ബി ഉണ്ട്. കേരള സർവ്വകലാശാല, എം.ജി. സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നിവിടങ്ങളിൽ കേന്ദ്രീകൃത മൂല്യനിർണ്ണയ രീതി നടപ്പാക്കിയിട്ടുണ്ട്. |
| ബി എങ്കിൽ ഏതെല്ലാം യൂണിവേഴ്സിറ്റികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | |
| സി കേന്ദ്രീകൃത മൂല്യനിർണ്ണയ രീതി നടപ്പിലാക്കുന്നതിലുള്ള പുരോഗതികൾ വിശദമാക്കുമോ ; ഈ സംവിധാനം കൂടുതൽ വിപുലീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ? | സി മേൽപരാമർശിച്ച സർവ്വകലാശാലകളിൽ മുഖ്യമായും കേന്ദ്രീകൃത മൂല്യനിർണ്ണയ രീതിയാണ് നടപ്പാക്കുന്നത്. കേരള സർവ്വകലാശാലയിൽ വളരെ കുറച്ച് പരീക്ഷാർത്ഥികൾ ഉള്ള കോഴ്സുകൾക്കാണ് ഹോം വാല്യൂഷൻ ഉള്ളത്. കോഴിക്കോട് സർവ്വകലാശാലയിൽ മെഡിക്കൽ ബിരുദാനന്തര ബിരുദപരീക്ഷകൾ, |

എം.എ/എം.എസ്സ്. സി വാർഷിക പരീക്ഷകൾ ഒഴികെയുള്ള പരീക്ഷകൾക്ക് നിലവിൽ കേന്ദ്രീകൃത മൂല്യനിർണ്ണയരീതി നടപ്പാക്കിയിട്ടുണ്ട്. മേൽപരീക്ഷകൾക്കും കൂടി കേന്ദ്രീകൃത മൂല്യനിർണ്ണയ രീതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എല്ലാ കോഴ്സുകൾക്കും കേന്ദ്രീകൃത മൂല്യനിർണ്ണയ രീതി ആശാസ്യമല്ല. ക്യാമ്പുകൾ കാരണം ക്ലാസ്സുകൾ മുടങ്ങാൻ സാധ്യതയുണ്ട്. കൂടാതെ സർവ്വകലാശാലയുടെ സാമ്പത്തിക മാനവ വിഭവശേഷിയുടെ പരിമിതിയും ഈ രീതി പൂർണ്ണമായി നടപ്പാക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നു

സെക്ഷൻ ഓഫീസർ